(സി) ഒന്നാംവർഷ പ്ലസ്ടു ക്ലാസുകളിലേയ്ക്ക് ഈ വർഷം എത്ര പാഠ പുസ്തകങ്ങളാണ് വേണ്ടത്; ഇവയുടെ അച്ചടി ചുമതല ആർക്കാണ് നൽകി യിട്ടുള്ളത്;

(ഡി) ഇവയുടെ അച്ചടി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

പ്ലസ്ടു കോഴ്സ്, പോളിടെക്നിക് എന്നിവയ്ക്ക് ലഭ്യമായ സീറ്റുകൾ

99 [1509] ശ്രീ. എം. മുരളി:

,, അടൂർ പ്രകാശ്:

,, എ. പി. അനിൽകുമാർ:

,, കെ. സി. ജോസഫ്:

,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ്ടു കോഴ്സ്, പോളിടെക്നിക് എന്നിവയ്ക്ക് ഇപ്പോൾ എത്ര സീറ്റുവീതം ലഭ്യമാണ് എന്ന് വ്യക്തമാക്കാമോ;

(ബി) പ്ലസ്ടുവിന് കൂടുതൽ സീറ്റു ലഭ്യമാക്കുവാൻവേണ്ടി +2 കോഴ്സ് ഉള്ള സ്കൂളുകളിൽ അഡീഷണൽ ബാച്ച് അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ;

(സി) ഈ വർഷം എത്ര ഗവൺമെന്റ് സ്കൂളുകളിൽ +2 കോഴ്സ് അനുവദി ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്;

(ഡി) ഈ തീരുമാനപ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്ലസ്ടു കോഴ്സ് ഉള്ള എയ്ഡഡ്, അൺ എയ്ഡഡ്, ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഈ അദ്ധ്യയന വർഷം ഓരോ അൺ എയ്ഡഡ് അഡീഷണൽ ബാച്ച് അനുവദിച്ചിട്ടുണ്ട്.

(സി) 194 സ്കൂളുകളിൽ +2 കോഴ്സ് അനുവദിച്ചിട്ടുണ്ട്.

(ഡി) ഉത്തരവ് പുറപ്പെടുവിച്ചു.

LIBRARY ARCHIVES Kerala Legislative Assembly